# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5041 — 23.03.2018 ലെ മറുപടി

## നീർത്തട മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.വി.ഇബ്രാഹിം : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നീർത്തട മാസ്റ്റർ പ്ലാനുകളുടെ പുതുക്കൽ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) സംസ്ഥാനത്തെ മണ്ണ് - ജല പരിപാലന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വിവിധ ഏജൻസികൾ / ഡിപ്പാർട്ട്മെന്റുകൾ നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇവയൊക്കെത്തന്നെ ഏതെങ്കിലുമൊരു ചെറിയ നീർത്തടത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു എന്നതാണ് പരിമിതി. എന്നാൽ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നീർത്തട പ്ലാനുകൾ തയ്യാറാക്കുകയും പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ നീർത്തട പ്ലാനുകളുടെ പരിമിതിയായി കണക്കാക്കിയിട്ടുള്ളത് ഒരു നദീതടത്തെയോ ചെറു നീർത്തടത്തെയോ, സമഗ്രമായിക്കണ്ട് പദ്ധതികൾ രൂപീകരിക്കാൻ കഴിഞ്ഞില്ല എന്നതാണ്. എം.ജി. എൻ.ആർ.ഇ.ജി.എസ്സ്-ന്റെ ഭാഗമായി തയ്യാറാക്കപ്പെട്ട നീർത്തട പ്ലാനുകളും കാലാകാലങ്ങളിൽ പുതുക്കേണ്ടതാണ്. എന്നാൽ, ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസംരക്ഷണം / ജല സമൃദ്ധി"യുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നീർത്തട പ്ലാനുകളും, ബ്ലോക്ക് തലത്തിൽ സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ആയതിനാവശ്യമായ മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (അച്ചടി) നം.20/2017/ജവിവ തീയതി 23.10.2017 പ്രകാരം അംഗീകരിച്ച് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ |

പഞ്ചായത്ത് തലങ്ങളിൽ ജലസേചന വകുപ്പ് എഞ്ചിനീയർമാർ കൺവീനർമാരായ സാങ്കേതിക സമിതികൾ രൂപീകരിച്ച് വിവരശേഖരണം, നീർത്തടനടത്തം എന്നീ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്നതാണ് സാങ്കേതിക സമിതി എന്നതുകൊണ്ടുതന്നെ സാങ്കേതിക മികവുള്ള നീർത്തടമാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്താനും, റിഡ്ജ് - ടു - വാലി (നീർത്തടത്തിന്റെ മുകളിൽ നിന്ന് താഴേക്ക് ) സമീപനത്തോടുകൂടി പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതിനും കഴിയും.

(ബി) ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം പുതുക്കിയ മാസ്റ്റർ പ്ലാനുകൾക്ക് ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ത്രിതല തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ, ജില്ലാ പ്ലാനിംഗ് കമ്മിറ്റിയാണ് (ഡി.പി.സി) നീർത്തട മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നത്.

(സി) നീർത്തട മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിന് വേണ്ടി പ്രത്യേകമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

(സി) ഹരിതകേരളമിഷന്റെ ഉപമിഷനായ "ജല സംരക്ഷണം / ജലസമൃദ്ധി"യുടെ ഭാഗമായി തയ്യാറാക്കുന്ന നീർത്തട പ്ലാനുകളുടെ രൂപീകരണത്തിന് പ്രത്യേക ജീവനക്കാരെ നിയമിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ